THE

Shree Vazhumcode or Travancore.



ശ്രീവാഴുംകോട്.

പുസ്തകം ൧. } ൧൯൯൯-ഇടവം. { ലക്കം ൫

വിഷയവിവരം.

അധ്യക്ഷപ്രസംഗം.

മെസപ്പൊട്ടമിയാ.

തീറെട്ടിക്കൊള്ള.

കേരളീയമതം (തുടർച്ച.)

ഒരു ഞറിയിപ്പ്.

ഓട്ടംതുള്ളൽ.

ചിതലിന്റെ മൃതി.

സംസ്കൃതവിദ്യാർത്ഥികൾക്ക് ഒറ്റപ്പുസ്തകം.

ബാലബോധിനി.

ഗ്രന്ഥകർത്താ ശ്രീമാൻ കൈലാപ്പോൾ ബി. എ.,

സാധാരണ ഉപയോഗത്തിൽ വരാവുന്ന പദങ്ങളേടുത്തിയ അമരകോശാദ്യങ്ങളു[illegible] വ്യാകരണസ്ഥവും അടങ്ങിട്ടുണ്ട്. ഇതുകൂടാതെ നാനാവിധം പദങ്ങളുടെ വിവരിച്ചിട്ടുണ്ട്.

ഓരോ പദങ്ങളും ഉള്ളപ്പുത്തിൽ കണ്ടു കിടിക്കുന്നതിനായി അകാരാദി ക്രമത്തിലും [illegible] ചേർത്തിട്ടുണ്ട്.

സന്ധികാര്യം, വിഭക്തികാര്യം, സമാസകാര്യം, വൃത്തകാര്യം, തദ്ധിതകാര്യം ഇവ ഓരോ [illegible] ക്രമത്തിൽ ചുരുക്കത്തിൽ ഗ്രഹിപ്പാൻ തക്കവണ്ണം ചുരുക്കിയും തിരിച്ച് ഓരോന്നും അംഗിയായി പ്രതിപാദിച്ചിട്ടിട്ടുണ്ട്.

ദേവനാഗരിലിപിയുടെ പരിചയം, പദരൂപം, വാക്യമാല, ദ്വിരേഫമാല ഇവ ഉള്ളതുകൊണ്ട് നാഗരിലിപിയും പുസ്തകവായന പഠിക്കുന്നതും വേഗം പുസ്തകം ഗുണദോഷിച്ചു.

സംസ്കൃതഭാഷയിൽ അല്പമാത്രം പരിജ്ഞാനമുള്ളവർക്ക് തന്നത്താൻ വായിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി വിവരിച്ചിട്ടുള്ളതു.

സംസ്കൃതഭാഷയിലുള്ള സകല വേദശാസ്ത്രപുരാണേതിഹാസകാവ്യനാടകാലംകാരാദികളിൽ ഓരോന്നിനേയും സംബന്ധിച്ച വിവിധവും പ്രതിപാദിക്കുന്ന പ്രൌഢമായ ഒരു ഉപന്യാസവും അനുബന്ധിച്ചിട്ടുണ്ട്. കടലാസ്സ് പ്രതികളെ ഇനി ഇരിപ്പുള്ളൂ.

വിലരൂപാ രണ്ടുമാത്രം. വി. പി. ചാർജ് പുറമേ.

ശകുന്തിമയിരാജ്ഞികിൽ[illegible]രായമാ[illegible]

രസകരമായ ഒരു ചരിത്രാഖ്യായിക.

പതിനഞ്ചാംശതാബ്ദത്തിൽ മഹമ്മദയീർ ബംഗാളരാജ്യം ഭരിച്ചിരുന്ന കാലത്ത് നടന്ന ചില [illegible] സംഭവങ്ങളെ ആസ്പദമാക്കി ബംഗാളിലെ മഹാകവിയായ രവീന്ദ്രനാഥടാഗോറിന്റെ ഗിന്നിയും വിദുഷിയുമായ ശ്രീമതി സുവർണ്ണകുമാരിദേവി ഉണ്ടാക്കിയ ആഖ്യായികയിൽ നിന്നും ശ്രീമതി ജെ. പോക്കട്ടി അമ്മ [illegible] ചെയ്യപ്പെട്ടതു.

ലോകത്തിലുള്ള എല്ലാത്തരം ആളുകളും അറിഞ്ഞിരിക്കേണ്ട പല കാര്യങ്ങളും അടങ്ങിയിട്ടുള്ള രസകരമായ ഒരു പുസ്തകം. വിശേഷിച്ചും സ്ത്രീജനങ്ങൾ പ്രത്യേകം വായിക്കേണ്ടതു.

മനോഹരമായ പേപ്പറിൽ അടിച്ചിട്ടുള്ളതും ഡൊമ്മി വൽ ക്രൌൺ പുറങ്ങളുള്ളതുമായ ടി പുസ്തകത്തിന്റെ വില അണ എട്ടുമാത്രം. വി. പി. ചാർജ് പുറമേ.

ഈ. വി. രാമൻഉണ്ണിനായർ,

"ശ്രീവിദ്യാവിലാസം പ്രസ്സ്"

കൊല്ലം.

ശ്രീവാഴുംകോട്.

The SHREE VAZHUMCODE or TRAVANCORE

പുസ്തകം ൪ | ഫൽഗു-ഇടവം. | ലക്കം ൮.



തിരുവിതാംകൂർ മഹാജനസഭ.

ഉപക്രമോപസംഹാരം.

ദിവാൻ ബഹദൂർ എ. ഗോവിന്ദപ്പിള്ള ബി. എ. ബി. എൽ.

പ്രജാഹിതാഭിവൃദ്ധിയിൽ സർവ്വാത്മനാ തൽപരനായ നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ഭരണത്തിൽ സിദ്ധിച്ചിട്ടുള്ള അനുഗ്രഹങ്ങളിൽ ഒരു പ്രധാന സ്ഥാനം അർഹിക്കുന്നതു ജനസമുദായത്തിൽ ഇക്കാലം അംകുരിച്ചിരിക്കുന്ന സ്വതന്ത്രബോധമാണെന്നതു, ഷണ്ഡ്യബോധത്തിനിടയിൽ, വേറെ ഒരു സ്ഥലത്തും സമയത്തും ഞാൻ പ്രത്യക്ഷീകരിച്ചിട്ടുണ്ടു്. നാശപരിഷ്കൃത സമുദായങ്ങളിലെക്കും പ്രജാസഭയിലേക്കും നിയമനിർമ്മാണസഭയിലേക്കുമംഗങ്ങളെ ഉദ്യോഗമർത്ഥത്തിൽ (തിരഞ്ഞെടുക്കലിനായി) നോമിനീകരിക്കുന്നതിനാലും ടി സഭകളിൽ രാജ്യാധികാരികളുടെ നായത്തിൽ ഒരിറ ഇണങ്ങോഷങ്ങളെപ്പറ്റി വാദപ്രതിവാദങ്ങളും നടത്തുവാൻ അനുവദിക്കുന്നതുകൊണ്ടും മാത്രമേ ഈ ഇണങ്ങത്തെ പ്രജാസഭയിൽ മൂന്നാണ്ടത്തെ രാജ്യഭരണപരിശ്രമം വായിച്ച ബോധപ്പെടുത്തുന്നതിനാലും, നമുക്കിതു പ്രത്യക്ഷമാണു്. ആ സ്വതന്ത്രബോധത്തിൽ നിന്നും സ്വഭാവഗതിയിൽ മുളച്ചുവന്നിട്ടുള്ളതാകുന്നു ഈ മഹാജനസഭ. കീഴിൽ നാട്ടുകാർ, പിതാവിനോടു അപേക്ഷകളെ അറിയിക്കുന്ന ശിശുക്കളുടെ നിലയിലായിരുന്ന. ഫിറുക്കുള്ളടെ പൂരണങ്ങളിലും നീതിശാസ്ത്രത്തിലും ഈ നിലയാണു പ്രജകഠംക്കു കല്പിച്ചിട്ടുള്ളതു്. ദിലീപമഹാരാജാവിന്റേ ശാസനാവൈഖരി പുണ്ണിക്കുന്നതിൽ അദ്ദേഹം പിതാവിനൊപ്പും പ്രജകളെ വിനയിക്കുകയും രക്ഷിക്കുകയും ഭരിക്കുകയും ചെയ്തു എന്നും സാക്ഷാൽ ചീതിക്കാരം കേവലം ജന്മഹേതുക്കളായിരുന്ന എന്നും കാളിദാസൻ പറയുന്നു.

'പ്രജാനാം വിനയാധാനാൽ
രക്ഷണാനാൽ ഭരണാദപി
സപിതാ പിതരസ്തേഷാം
കേവലം ജന്മഹേതവ' (രഘു-ഹ-൨൪)

കാമന്ദകീയ നീതിസാരത്തിൽ രാജാവിനവശ്യങ്ങളായ ചില ഗുണങ്ങളെ പ്രസ്താവിച്ചതിനുശേഷം, "ഇത്യാദി ഗുണങ്ങളോടുകൂടി ജനവൃത്താന്തങ്ങളെ അറിയുന്നവനായ് സ്വിതനായ്, ഭൂരിൽ ജനങ്ങൾ, പിതാവിൽ എന്നപോലെ സ്നേഹമായ് അടങ്ങുമോ അവൻതന്നെ പാർത്ഥിവൻ" എന്നു പറയുന്നു.

"ഇത്യാദിഗുണസമ്പന്നോ
ലോകയാത്രാവിധിസ്ഥിരോ
നിർവൃതഃ പിതരീവാസ്മി
ന്നയുലോകഃ സപാർത്ഥിവഃ"

(ക്രമേമകീയനീതിസാരം ഒ-ാം പ്രകരണം ശ്ലോ-ാം)

ശാസിതന്മാരുടെ ഹിതം അവരറിയുന്നതിനേക്കാൾ ശാസകന്മാരറിയുമെന്ന് ഉത്തമതിനേലാണോ മേൽപറഞ്ഞപ്രകാരത്തിലുള്ള പിതൃ ശാസനം സ്ഥാപിച്ചിട്ടുള്ളതു്. ബാല്യാവസ്ഥയിലുള്ള ജനസമുദായത്തിൽ അനുചിതമായിരുന്നാലും, വിദ്യാഭ്യാസവും വ്യവഹാരികവൃത്തികളും വ്യാപാരപ്രചാരവും ലോകസഞ്ചാരവും ലോകജ്ഞാനവും നായങ്ങളുമായി വർദ്ധിച്ച യൌവനദശയെ പ്രാപിച്ച സമുദായത്തിൽ, അതി ബാലന്മാരുടെയും ചിത്തഭ്രമികളുടെയും 'സംശുദ്ധികളിൽ-ഒഴികെ, ടി ഉപദേശം താഴ്പ്പറയുന്ന കാരണങ്ങളാൽ അസംഗുവാന്ന അധുനിക നയനയോഗനത്താൽ കാണപ്പെടുന്നു.

കാരണങ്ങൾ,—

(ക) പ്രായപൂർത്തിയായ ശാസിതന്മാരുടെ ഹിതം അവർ അറിയുന്നിടത്തോളം ശാസകന്മാർക്കറിഞ്ഞുകൂടാ.

(ഖ) പിതൃശാസനം സ്വാതന്ത്ര്യത്തെ ക്ഷയിപ്പിക്കയും, ജനങ്ങൾക്കു ശ്ലാഘനീയമായ ലോകപരിചയത്തെ നഷ്ടമാക്കുകയും ചെയ്യും.

(ഗ) സ്വാർത്ഥലേശം നിമിത്തം പിതൃശാസനങ്ങൾ മിക്കവാറും അനാസ്തങ്ങളാകും.

(൪) അന്യന്മാരിപ്രീണനത്തിനുള്ള നാനാന്തരക്കുടെ പ്രയത്നത്തിനു തക്കവണ്ണം പ്രജകളിൽ ഭിന്നാഭിപ്രായം ജനിക്കുന്നു.

(൫) ശാസകന്മാരുടെ അധികാരം ദോഷകരമായ് തീരുന്നതിനുമുമ്പായി അതിനു തടസ്സം ചെയ്യുന്നു.

ഈ കാരണങ്ങളാൽ, രാജ്യശാസനം ഒരു വിശിഷ്ടമായ മാതൃകാഭരണമെന്നും അതിനെ പ്രമാണമായ് പ്രയോഗിക്കുന്നതിനും ശാസകന്മാർശാസിതന്മാർക്കുള്ളതെന്നുവാടിക്കുന്നതിനും, രാജ്യശാസനം അനുസ്യൂതപ്രവണതകളുടെ പ്രേരണയെ പരിശുദ്ധതന്ത്രമാക്കുന്നതിനും ആകർഷ ആധുനിക നാനാവിധാനം. ഈ അഭിപ്രായങ്ങളെ ക്കുന്നതുപകുതിയായ പ്രമാണങ്ങൾ ഹിന്ദുപുരാണങ്ങളിലും ഇല്ലെന്നില്ല. എന്നിരിലും മങ്ങലു വർഷിക്കുന്നതിനായി സൂര്യൻ ഭൂമിയിൽ നിന്നും ദൂരം വർദ്ധിക്കുന്നതുപോലെ പ്രജകളുടെ വൃദ്ധിക്കു മാത്രമായിട്ടാണ (ഇതുതന്നെ വിശിഷ്ടതാലക്ഷണം) രാജാവു അവരിൽ നിന്നും കരം വസൂൽ ചെയ്യുന്നതെന്നു കാളിദാസൻ പറയുന്നു.

"പ്രജാനാമേവ ഭൂത്യർത്ഥം
സതാഭ്യോബലിമദ്ഗ്രഹീൽ
സഹസ്രഗുണമുൽസ്രഷ്ടും
ആദത്തേഹിരസംരവിന്"

ശ്ലോ. -ഗ്വ.

പ്രജകളുടെ ഹിതത്തിൽ തൽപ്പരനായ ധർമ്മനിഷ്ഠനായ രാജാവു കാലം, ദേശം, ബുദ്ധി, ബലം ഇതുകൾ അനുസരിച്ചു അവരെ ശാസിക്കേണ്ടതാണെന്നു മഹാഭാരതത്തിൽ പറയുന്നു.

"യഥാദേശം യഥാകാലം
യഥാബുദ്ധി യഥാബലം
അനുശിഷ്യാൽ പ്രജാരാജാ
ധർമ്മാശ്രിത്യഹിതേരതഃ"

ശാന്തിപർവ്വം രാജധർമ്മം വ്യവസ്ഥാനം അദ്ധ്യായം ൫൬ ശ്ലോകം.

ഈ അഭിപ്രായങ്ങൾകൊണ്ടുതന്നെയായി, ഭാരതഖണ്ഡത്തിലെ നാട്ടുരാജാക്കന്മാരുടെ പ്രതിനിധിസ്ഥാനത്തിൽ ബ്രിട്ടനീയർ മഹാരാജാവർക്കും മറ്റു നയനേതാക്കളും ഇല്ലാഞ്ഞിൽ ചെന്നു വാഴിച്ചു ശാസ്യശാസനം (ജനങ്ങൾക്കുവേണ്ടിയുള്ള ഭരണം) ബ്രിട്ടീഷിന്ത്യയിലെ ഉദ്ദിഷ്ടനിധിയായി ഇപ്പോഴും ഉറപ്പിക്കപ്പെട്ടും ഇരിക്കുന്നു. ഈ ൟവസ്ഥയിൽ (൧) രാജ്യയോഗത്തിന്റെ ലക്ഷണങ്ങളിലും എടുത്തുള്ള (൨) അതിന്റെ ധർമ്മങ്ങളും എന്തെന്നും (൩) ഭൂ ധർമ്മങ്ങളെ അതു ഏതുതലുംപോലെ പ്രകാശങ്ങളിൽ നിന്നിഭിന്നമെന്നും (൪) അതു നിമിത്തമത്തിൽ ജനസമൂഹത്തിന്റെ അനന്യസുകുമാരങ്ങളെന്തെന്നും, ഈ നാട്ടിലെ ജനനേതൃക്കന്മാരുടെ മുമ്പിൽ പ്രസ്തുവിക്കുന്നു അനുചിതമാകയില്ലൂയെന്നു വിചാരിച്ചു, ഈ നാലു വിഷയങ്ങളെയും കുറിച്ചു ചുരുക്കമായി പറഞ്ഞുകൊള്ളുന്നു.

രാജ്യയോഗം.

ഫ്രഞ്ചു, രാജ്യയോഗം എന്താകുന്നു. ജനങ്ങളുടെ സാമാന്യകാര്യങ്ങളെ നിർവഹിക്കുന്നതിനായി, അവരുടെ പ്രതിനിധിസ്ഥാനം വരിച്ചു, അവർക്കു സ്ഥിരമായി അനുസരിക്കപ്പെടുന്ന ഒരു നായകശക്തിമത്തായ സംഘമാകുന്നു, രാജ്യയോഗം എന്നു പറയുന്നു.

കേവലം ശക്തിപ്രയോഗം രാജ്യമാകയില്ല. ഗ്രനാഡാ ഭൂമിയുടെ യോഗ്യതയെക്കുറിച്ചു ഒരു ചിന്തയിലേർപ്പെടുന്നതിനു പുറപ്പെട്ട വിക്കുന്നു അഭിപ്രായം, വളരെ ശക്തിമത്തായിരിക്കാം. അതുപോലെതന്നെ ഗോവുസൂക്ഷിപ്രയോഗത്തെ ആക്ഷേപിച്ചു ഒരു ഏഷ്യനിവിപ്പുന്നർ പുറപ്പെടുവിക്കുന്ന മതം സ്വമാന്യമായിട്ടു കാണാം. എന്നാൽ രാജ്യാധികാരപ്രയോഗത്തിൽ, ഇവ പ്രബലപ്പെടുത്തുപക്ഷം ഇവയ്ക്കു ശാസകശക്തി സിദ്ധിക്കുന്നതല്ലാ. അപ്രകാരമെന്നു ഒരു രാജ്യവും ഒരു കാലത്തും ഉപദേശിയുടെ ഉപദേശം അനുസരിച്ചു രാജ്യകാര്യം നടത്തുന്നതായാൽ, അതു രാജ്യത്തിൽ ഒരു പ്രേരണ മാത്രമാകുന്നു. ഉപദേഷ്ടാ രാജാവിനു ആ പ്രേരണയെ ധിക്കരിക്കുവാനുതകയാൽ അതു രാജ്യാധികാരമായിത്തീരുന്നു. എന്നാൽ, ആ മഹാപദേശിയെക്കൊണ്ടുള്ള ജനസമ്മതം, ടി അനുസരണത്തിനു കാരണമാകുകയുമാകിൽ, അപ്പോൾ രാജശാസനം മങ്ങി ജൈവികശാസനമായ് പരിണമിക്കും. റോമാവിലെ പാപ്പാവിൻറെ ശാസനം ഇപ്രകാരം യൂറോപ്പിൽ ചില രാജ്യങ്ങളിൽ ചുരുക്കാലം നടന്നിട്ടുണ്ടു്. ഒരു ജനസമുദായം, സമ്പ്രായം അധികാരം വഴിച്ചെങ്കിലോ അതു ശാസകമെന്നു പറയാവു. രാജ്യാധികാരികം മതനേതാക്ക ജനാനസരണത്തെ അവഗണിച്ചു കാര്യങ്ങൾ നടത്തുന്നതായാൽ, ആ ജനസമുദായത്തിനു ശാസനം തീരെയില്ലെന്നു പറയാം. ജനവിരോധത്തെ ഭയപ്പെട്ടു് ടി അധികാരികം ജനഹിതത്തെ അനുവർത്തിക്കുന്നതായാൽ അപ്പോഴും ജനങ്ങൾക്കു് അബോധ (അജ്ഞാത) ശാസനം ഉണ്ടെന്നു പറയാം. എന്നാൽ, തങ്ങളുടെ ശാസകന്മാരെ തിരഞ്ഞെടുക്കുന്നതിനോ അവരുടെ പ്രവർത്തികളെ പൊതുനിയമങ്ങളാൽ നിയന്ത്രണത്തിനോ, പക്ഷെ ഇതു രണ്ടും ചെയ്യുന്നതിനോ ജനങ്ങൾക്കു ധികാരം സിദ്ധിക്കുന്നുവെയ്യും ഒരു സമുദായത്തിനു പൂർണ്ണമായ ശാസകപദം ലഭിക്കയില്ല. അപ്പോഴാണു ആ സമുദായത്തിൽ നേതാക്കന്മാരുള്ളപക്ഷം അവരുടെ ശക്തി, സത്യത്തിൽ ശാസകശക്തിതന്നെയാകുന്നു.

ഒരു രാജ്യയോഗത്തിനു സാരംശമായുള്ളതു് ഐക്യബോധമാകുന്നു. ഏകമതമോ സംഘമോ ഏകരാജാധിപത്യവും, സാമാന്യപൂർവ്വത്തവും സാമാന്യചരമങ്ങളും ഈ ഐക്യത്തെ ദൃഢീകരിക്കുന്നവയാണെങ്കിലും, ശാസകനഃക്യമതങ്ങളും ഭിന്നഭിപ്രായസഹനത്വങ്ങളും ആയ സിദ്ധിക്കുവാൻ ആണു ഐക്യത്തിനു സാരമായ വത്തനമല്ല. ഇപ്രകാരമാകുന്നു സ്വിട്സർലണ്ടിലെ ബഹുമതസ്ഥിതിജനസമുദായവും അമേരിക്കയിലെ ഏകീകൃതരാജ്യങ്ങളിലെ ബഹുമതസ്ഥിതജനങ്ങളും ഇതിലേക്കു ദൃഷ്ടാന്തങ്ങളാകുന്നു. മതഭിന്നത മാത്രമുള്ള ഒരു സമുദായത്തിൽ, ശേഷം മേല്പറഞ്ഞ ഭാഗങ്ങളിൽ ചേർപ്പുണ്ടായാലും ഐക്യത്തിനു് സാരമായ ഹാനി വരുന്നതല്ല. ഇപ്രകാരമാകുന്നു ഈ രാജ്യത്തിലെ ക്രൈസ്തുനികളും ഹിന്ദുക്കളും മഹമ്മദീയരും ഏകജനസമുദായമായ് തീർന്നിരിക്കുന്നതു്.

രാജ്യയോഗധർമ്മം.

രാജ്യയോഗത്തിന്റെ സ്വരൂപവും ലക്ഷണങ്ങളും ഇതുമല്പാന്തരപ്രകാരങ്ങൾ ബോധപ്പെടുത്തുവാനാണു്. ഇനി അതിന്റെ ധർമ്മങ്ങളെ ചിന്തിക്കാം സമ്മാന്യകാര്യനിർവഹണമാണു് രാജ്യയോഗത്തിന്റെ ഉദ്ദേശ്യമെന്നു മുമ്പിൽ പ്രസ്താവിച്ചു. അതു, വ്യക്തിക്ഷേമം ഉദ്ദേശിച്ചും (അതായതു ഓരോരുള്ളിന്റെ ക്ഷേമം പ്രത്യേകമായുദ്ദേശിച്ചും) സാമൂഹികക്ഷേമം ഉദ്ദേശിച്ചും നടത്തുവുന്നതാണു്. വ്യക്തിക്ഷേമം പലപ്പോഴും തമ്മിൽപ്പെരുന്നതുമാണു്. ഇനി രാജ്യയോഗധർമ്മങ്ങളെ

൫. പ്രകൃതവസ്തുക്കളെ, സ്വാപേക്ഷം ഓ സാധിക്കുന്നതിനായ് ഉപയോഗപ്പെടുത്തി, അതുകളോടുള്ള സ്വാഭാവസ്നേഹങ്ങളെ നിഗ്ഗ്രഹിച്ചു, സ്വക്ഷേമം പലപ്പോഴുന്നതിനും ഓരോരുത്തനും സ്വാതന്ത്ര്യം കൊടുക്കുക.

൬. ഉടമ്പടിലംഘനം, ഉപദ്രപ്പെടുയുള്ള അന്യന്മാരുടെ അക്രമണങ്ങളാലുണ്ടാകാവുന്ന കഷ്ടതകളെ ഒഴിച്ചു സമാധാനം നൽകുക.

൭. അപ്രാപ്തന്മാർ സ്വരക്ഷണത്തിനു ശക്തന്മാരാകാവരെയും അവരുടെ പോഷണവും ചിത്തസംസ്ഥാനവും നടത്തുന്നതിനുള്ള ചുമതല, മാതാപിതാക്കന്മാരുടെ മേൽ ചുമത്തുകയും, അതിലേയ്ക്കുവരുത്തുവാൻ ശക്തന്മാരാക്കുന്നതിനായ് കടുംബബന്ധങ്ങളെ ക്രമപ്പെടുത്തുകയും ചെയ്തു. സത്യത്തിൽ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം ഈ മൂന്നു തന്നെയാകുന്നു.

വ്യക്തിസ്വാതന്ത്ര്യത്തിനു മേല്പറഞ്ഞ ധർമ്മങ്ങളാം രാജ്യയോഗം നിവർത്തിക്കേണ്ടതാണെന്നതിനെപ്പറ്റി നമുക്കഭിപ്രായങ്ങളുടെ ഇടയിൽ വിപ്രകിപ്പില്ല. എന്നാൽ, ഓരോരുത്തന്റെയും സ്വാതന്ത്രം പുലർത്തുന്നതിനു അവനവനുള്ള തല്പര്യവും സൌകര്യവും അവർക്കണ്ടാകുന്നതിനാലും അന്യന്മാരുടെയാൽ, സ്വാതന്ത്ര്യവും, ഉദ്യമവും അതരിക്കുന്നതിനാലും (സ്വീനവിഷയങ്ങളിൽ പ്രവേശനം) ക്രമേണ ക്ഷയിച്ചുപോവാനിടയുള്ളതിനാലും, ഓരോരുത്തനും സ്വാതന്ത്രം തുടരുന്നതിൽ നിക്കാഭം സമുദായസ്ഥാപനം വർദ്ധിപ്പിക്കുന്നതു സഹജമാകയാലും, മേല്പറഞ്ഞ മൂന്നിനങ്ങളുടെയും വിഞ്ഞു സമുദായസ്ഥാപനമായ രാജ്യയോഗപ്രവേശനം വിഹിതമല്ലെന്നു ചില നയജ്ഞന്മാർ വാദിക്കുന്നു.

ഈ വാദത്തിന്റെ പ്രാബല്യം മിക്കവാറും സമ്മതിച്ചാലും, ഓരോരുത്തന്റെ സ്വാതന്ത്ര്യാഗമനത്താൽ, ഉൽകൃഷ്ടസമുദായസ്ഥാപനം വർദ്ധിപ്പിക്കുന്നതായ് തീർച്ചയായ് പറവാൻ പാടില്ലാത്ത മാതൃമല്ല, ഏതൊരു വിഷയത്തിലെങ്കിലും ഒരുവന്റെ സ്വാതന്ത്ര്യം സമുദായസ്ഥാപനത്തിനു വിരുദ്ധമായ് വരുന്നതായാൽ, അവൻ അങ്ങിനെ ഏകനായ് വരുന്നതുതന്നെയുള്ളൂ എന്നു നിശ്ചയമാണ്.

വ്യക്തിനിഗ്രഹക്ഷണത്തിൽ അടക്കിയ അനേകം കാര്യങ്ങളിൽ, തുടർന്ന സ്വാതന്ത്ര്യം, സമുദായസ്ഥാപനത്തിലേക്ക സുകരമായി നയിക്കത്ത പല വിഷയങ്ങളും ഉള്ളവയിൽ ചിലതുകളെ പ്രസ്താവിച്ചുകൊള്ളുന്നു.

വ്യക്തിസംരക്ഷണം.

൧. വ്യക്തിക്ഷേമനവാങ്ങം, ഓരോരുത്തന്റെ പ്രയത്നത്തെ സംബന്ധിക്കയല്ലാതെ, ആ പ്രയത്നത്തിനു ആധാരങ്ങളായ പ്രകൃതവസ്തുക്കളെ ബാധിക്കാൻ ന്യായമില്ല. കടൽ കായലുകളിൽ മത്സ്യം പിടിക്കുന്നവർക്ക നടികളിൽനിന്നും തോട്ടുവഴി കൃഷിക്ക വെള്ളം പൊരുത്ത കൊണ്ടുപോകുന്നവർക്കും, പിടിക്കുന്ന മത്സ്യങ്ങൾക്കും തട്ടുക്കുന്ന വെള്ളത്തിനും, പ്രയത്നം നിമിത്തം, അവകാശം പ്രയോഗത്തിലും, കടലിനും, നദിക്കും അവകാശം പോവാൻ ന്യായമില്ല. ഇതുകൊണ്ടു ജനസമുദായത്തിനു പൊതുവിൽ ഉപയോഗപ്പെടുത്തുവാനുള്ള സൂക്ഷിക്കുന്നതിനുള്ള ചുമതല രാജ്യയോഗം വഹിക്കുന്നു.

൨. പൊതുവിൽ ഉപയോഗപ്പെടുത്തുക ചില സന്ധർഭങ്ങളെ ഒഴിഞ്ഞ് സമ്പാദിക്കയോ അതിനു ബുദ്ധിശക്തിയാൽ കണ്ടുപിടിക്കയോ ചെയ്യുന്ന വിഷയത്തിൽ, അതിനു വേണ്ട കാര്യവിചാരത്തിനു പ്രത്യേകവർഗ്ഗങ്ങൾക്കുണ്ടാകുന്നതും വിളിച്ചുകൂട്ടുന്നതും വർഷത്തിലൊരിക്കലെങ്കിലും കൂടുന്നതുമായ പൊതുനിൽ വാഗ്വാദം ഉണ്ടാക്കുന്നതും ഇതിലേക്കുള്ള ഏർപ്പാടുകളാകുന്നു. ഇതുകളെ, രാജ്യയോഗം ഉടമ്പടിയാൽ ഏല്പിച്ചിരിക്കുന്നതിലെങ്കിലും പ്രതിഫലം കൊടുത്തു സുഭദ്രമായ് ചെയ്യേണ്ടതാണെന്നതിനു സംശയമില്ലെന്നുതന്നെ. അതുപോലെതന്നെ, മാരേ നാശങ്ങളിലെ പലപ്രയത്നങ്ങളെ കടിയാനാവാതെ കുറച്ചു തീരുമാനിച്ചുകൊടുക്കുന്നതിനുള്ള അധികാരവും പ്രയത്നവും നോക്കേണ്ടതാണ്. അതുകളെ രാജ്യയോഗം സമുദായദ്രവ്യം വിലയുകൊടുത്തുവാങ്ങുന്നതിനെ ഔചിത്യവും ലാഘവവും ബോധപ്പെടുത്തുന്നതാണ്.

൩. ചിലപ്പോൾ ജനോപകാരപ്രകാശം ചെയ്യാൻ ഒരാൾക്കോ ഒരുങ്കൂട്ടർക്കോ ധനമുണ്ടായിരുന്നാലും, അതു വേണ്ടിടത്തോളം നടത്താൻ മനസ്സു തോന്നാതിരിക്കാം. കാരൽകർത്തക ഇതിൽ ഒരു ദൃഷ്ടാന്തമാകുന്നു. മാരായം കൃത്തകക്കാരനെ ബോധിച്ചു വിലയും പലിശമണത്തിലും വിറ്റുകൊള്ളാൻ സമ്മതിച്ചാൽ, ചുരുക്ക ഉർപ്പുമാകട്ടെ വില അങ്ങുമാറി കിട്ടുന്നതിനെ അവനും തല്പര്യം തോന്നാം. ഈ വിഷയത്തിൽ രാജ്യയോഗം വിലയെ ക്ലിപ്തപ്പെടുത്തി ചുരുക്കിയ തൊർല്പര്യം വരുത്തെ സൂക്ഷിക്കുന്നതിനു കർത്തക്കാരനോടു നിർബന്ധിക്കുന്നതു സന്ദർഭത്തിൽ വ്യക്തിവിഷയക്രമമാണെങ്കിലും സമുദായത്തിനു അവശ്യമാകുന്നു. അപ്രകാരമുള്ളടത്തു തൊർല്പര്യകാലങ്ങളിൽ ബഹുജനങ്ങളുടെ ഉത്തരവാകം കൂടെ അതിലാളം നോടാൻ ശ്രമിക്കുന്ന കച്ചവടക്കാരെ നിർബന്ധിച്ചു വിലകളെ ക്രമപ്പെടുത്തുന്നതിനു ബാധ്യമെ ഭരണാധികാരികൾക്കും ഇയ്യിടെ നടത്തിട്ടുള്ളതുപോലെ ഒരു ക്ഷിയോല്പാദനം നേരിടുന്നതിനും ഈ കാരണത്താൽ ന്യായികരിക്കാവുന്നതാണ്.

൪. അനേകം പേർക്കുടി ഒരു പൊതുവായ കാര്യം നടത്തുന്നതിൽ, ഏതാനുപേരുടെ ഉപേക്ഷയാൽ ശ്രേഷ്ഠ പേരുടെ യത്നം നിഷ്ഫലമായ് പോകാവുന്ന വിഷയത്തിൽ, രാജ്യയോഗത്തിന്റെ പ്രവേശനം വളരെ ഉചിതവും ഫലപ്രദവുമായിരിക്കും. ആറ്റു കായലുകളുടെ തീരങ്ങളിലുള്ള നിവ്നസ്ഥലങ്ങളെ പ്രളയകോപത്തെ മുമ്പുകൂട്ടി സൂക്ഷിക്കുന്നതു ഇതിലേക്കു ദൃഷ്ടാന്തമാകുന്നു.

൫ ബഹുജനങ്ങളുടെ ക്ഷേമത്തിനുള്ള ഒരു കാര്യത്തിൽ ചിലർക്ക സ്വകാര്യലാഭത്തിനായ് സൌകര്യം ഉണ്ടാകുന്നതായാൽ, ടി പ്രവേശനം അത്യന്താപേക്ഷിതമാകുന്നു. കൊരുവിച്ചിറ്റിനത്തിൽ കടകം എടുപ്പും അടയ്ക്കുന്നതുപോലുള്ളവയിൽ വരുന്ന വിഷയത്തിൽ, ക്ഷുദ്രൽ വിലയുപ്പാരാനുള്ളതും വിറ്റുലാഭം നേടുന്നതിനും ചിലർക്കാഗ്രഹം ഉണ്ടാകുവുന്നതകയാൽ, അതിനെ തടുക്കേണ്ടതിനുള്ള രാജ്യയോഗത്തിന്റെ പ്രവേശനം ഉചിതമെന്നു സ്പഷ്ടമാകുന്നു.

൬. ബഹുജനങ്ങളുടെ ക്ഷേമത്തിനുള്ള ഒരു കാര്യത്തിൽ ചിലർക്ക സ്വകാര്യലാഭത്തിനായ് സൌകര്യം ഉണ്ടാകുന്നതായാൽ, ടി പ്രവേശനം അത്യന്താപേക്ഷിതമാകുന്നു. കൊരുവിച്ചിറ്റിനത്തിൽ കടകം എടുപ്പും അടയ്ക്കുന്നതുപോലുള്ളവയിൽ വരുന്ന വിഷയത്തിൽ, ക്ഷുദ്രൽ വിലയുപ്പാരാനുള്ളതും വിറ്റുലാഭം നേടുന്നതിനും ചിലർക്കാഗ്രഹം ഉണ്ടാകുവുന്നതകയാൽ, അതിനെ തടുക്കേണ്ടതിനുള്ള രാജ്യയോഗത്തിന്റെ പ്രവേശനം ഉചിതമെന്നു സ്പഷ്ടമാകുന്നു.

൭. രാജ്യയോഗത്തിന്റെ ധനപുഷ്ടിയിലും വ്യവസ്ഥിതിയിലും അന്യധികം വിശ്വസിച്ചു അതിനു കടംകൊടുക്കാവുന്നതാണ്. നിർദ്ധനന്മാരുടെ രക്ഷയ്ക്കായ് ധനവ്യാപാരവും യോഗക്ഷേമവും സ്ഥാപിക്കുന്നതിനും ഒരുത്തരസ്ഥിര വിഷയങ്ങളിൽ സംഖ്യനിക്ഷിപ്തവും ചെയ്യുന്നതിനും രാജ്യയോഗത്തിനു അനന്യാനുകൂല്യവും ഉള്ളതുകയാൽ ഈ വിഷയങ്ങളിൽ പ്രയോഗിതം അതിന്റെ സ്വാമിത്വം പ്രീതിയും അവശ്യകമാണ്.

൭. ചില സംഘങ്ങളുടെ സ്വഭാവത്താൽ അവയെ പ്രത്യേകം ഓരോ ഉടമസ്ഥന്റെ അധീനത്തിൽ വിടുന്നതി നേക്കാൾ രാജ്യയോഗധർമ്മത്തിൽ നിവർത്തനം സമുദായപ്രയോജനത്തിനെപ്രതിതന്മയിരിക്കും. റോഡുകളും റെയിലുകളും ജലാശയങ്ങളും ഇഷ്ടിലേക്കുദാഹരണങ്ങളാകുന്നു.

൮. സാമ്പത്തായ ഒരു സമുദായത്തിനും സുഖമായി നിവർത്തിക്കുന്നതിനായി, വ്യക്തൃവകാശപ്രമാണത്തിനു ചില പ്പോഴും അതിർ നിശ്ചയിക്കേണ്ടിവരും. പൊതുമരാമത്തുകാര്യ നടത്തുന്നതിനായ് അഭ്യുദയാപേക്ഷകന്മാരുള്ള വിലയ്ക്കു നിർബ ന്ധമായ ഭൂമി സമ്പാദനം ഈ വിഷയത്തിൽ ചേർന്നതാണ്.

൯. സ്ഥിരമായും ലഘുവായും സമുദായത്തിനും സംധി ക്കുന്നതിനായ്, ചില കാര്യങ്ങളെ സംബന്ധിച്ചുള്ള ഗ്രന്ഥങ്ങ ളെല്ലാം ഏകശാസനത്തിൽ നടത്തേണ്ടിവരും. അപ്രകാരം നാ ണയനിർമ്മാണവും ധാന്യവ്യാപാരവും ഈ ഇനത്തിൽ ചേർന്ന വയാകുന്നു.

൧൦. ചിത്തസംസ്കാരവും സാങ്കേതികവിദ്യാഭ്യാസവും വ്യക്തിഫലപ്രാപ്തങ്ങളാണെങ്കിലും സൗഹൃദധിപ്രയോജനങ്ങളും അതു ന്നു. ഇതുകൊണ്ടു തന്നെ ചിലവും മറവും അയാളെ ഏൽപ്പി ച്ചാൽ, ഇവയെ ധനികന്മാരുടെ ഇഷ്ടംപോലെ നടത്തുന്നതി നായ് വിട്ടാൽ ഫലപ്പെടാൻ പ്രയാസം. അതിനാൽ ഇവയെ നടത്തുന്നതിനുള്ള മുതൽ രാജ്യയോഗത്തിന്മേൽ പൂമ്പുന്ന തു ക്ഷോഭപ്രദം അതുന്നു.

൧൧. ഉൽകൃഷ്ടശാസ്ത്രിയാഭ്യസനവും പുസ്തകശാലകളും ജ്ഞാനശാലകളും പരീക്ഷണയന്ത്രശാലകളും ഈ ഇനത്തിൽ ചേരുന്നതാകുന്നു.

൧൨. ചില കുടുംബങ്ങളിൽ രാജ്യയോഗപ്രഭാവം വ്യക്തൃവകാശത്തെ തീരെ നിരോധിക്കുന്നതായും വരാം. ഗ്രന്ഥകർത്തൃസ്വാതന്ത്രത്തെയും ഭ്രൂണഗ്രാന്മാരെയും സ്ത്രീപുംസ ബന്ധത്തെയും സംബന്ധിച്ചുള്ള നിബന്ധനകളെ ഈ വർഗ്ഗത്തിൽ ചേർന്നവയാകുന്നു. മേൽ പ്രസ്താവിച്ച ൧൨ വിഷയങ്ങളിലും അവയെപ്പോലുള്ള അന്യങ്ങളിലും ക്രമീകരണത്തെക്കൊ, പ്രത്യേ കൃത്തി ഗ്രന്ഥത്തലൊ അന്യപ്രവേശനിഷേധത്തെക്കൊണ്ടൊ ഈ മൂന്നിലൊരുവിധത്തിൽ, വ്യക്തി വിഷയത്തിൽ രാജ്യ യോഗത്തിനുള്ള പ്രവേശനം സ്വമോക്ഷം എന്ന പറയപ്പെടു ന്നു. ഈ അതിരിനെ കവിഞ്ഞു സ്വർഗ്ഗം ധനാവസ്ഥ സമമാക്കണമെന്നുള്ള ചില ജ്ഞാതികുമിനയുജനമാർ പ്രവർത്തിക്ക ന്ന വാത്തികൊണ്ടാണ് "സമ്മീകരണവാദം" എന്നു പറയുന്നതു്. ഇപ്രകാരം രാജ്യയോഗത്തിന്റെ വ്യക്തൃത്വവും സമുഹാത്മ വുമായ ധർമ്മവ്യവസ്ഥിതിയെ വിവരിച്ചു കഴിഞ്ഞു. ഇനി മുന്നമേ തു അംഗീകരിച്ചു നിർവ്വഹിക്കുന്നതുകളുടെ അനുഷ്ഠാനത്തെ ആലോചിക്കാം.

രാജ്യയോഗനിർവ്വഹണം.

രാജ്യാധികാരം ഒരു വിശിഷ്ടവ്യക്തിയാണെന്നും, ആ വിശിഷ്ടവ്യക്തിയുടെ ഇച്ഛാനുരോധിയായ ശാസന മുഖേന്തിനും, സമ്പൂർണ്ണശാസനം ഉണ്ടാകുന്നിടമായ ആധുനികസമുദായത്തിനെ പറയാവു എന്നും പ്രസ്താവിച്ചിട്ടുണ്ടല്ലൊ. എന്നാൽ ജനസമുദായത്തെ ഒട്ടെങ്കിലും ശാസനം നടത്തുന്നുണ്ടെങ്കിലോ? ഓരോ ഭരണകൃത്യത്തേയും ജനങ്ങൾപോൽ നയിക്കുന്നതു അസാധ്യമാണല്ലൊ. അതിനാൽ ഓരോ കാര്യവിൽ അവർ അവയുടെ പ്രതിനിധി കളായ നായകന്മാരെ തിരഞ്ഞെടുക്കയും അപ്രതിനിധി കൾമുഖേന ചില പൊതുനിയമങ്ങളുടെ ഏകപ്പെടുത്തി അതുക ളെ രാജ്യാധികാരികൾ ശരിയാണെന്നിരിക്കുന്നതിനെ അപ്പ പ്പോഴും പരിശോധിക്കയും ചെയ്യുകയും മേൽപ്പറഞ്ഞുള്ള ജന ശാസനം നടത്തപ്പെടുന്നതു്. സ്വിറ്റ്സർലണ്ടിലും അമേരിക്ക യിലെയും എന്നപോലെ അപൂർവ്വമായ ചില രാജ്യങ്ങളിൽ ടി പൊതുനിയമങ്ങളെ സാമാന്യജനങ്ങൾതന്നെയായിത്തന്നെ സമ പ്പിക്കുന്നതിനും ഏർപ്പാടുണ്ട്. എന്നാൽ ഗ്രൗവേറിയ നയവിഷയ ങ്ങളെ സാധാരണന്മാരുടെ അഭിപ്രായം അന്വേഷിച്ചു തീർപ്പിപ്പി ടുന്നതു അവിഹിതമാണ്. മറ്റു മിക്ക രാജ്യങ്ങളിലെയും നടപ്പനുസരിച്ചു ഭൂവേയും ജനപ്രതിനിധികളുടെ തീർപ്പിനു വിടുന്നതാകുന്നു അത്യുത്തമ ക്രമമായുള്ളതു്. ഇങ്ങനെവരി ടുന്നതിൽ ആ പ്രതിനിധികൾക്കു ജനാഭിപ്രായത്തെ ഗണിച്ചുനട ക്കുന്നതിനായി അവരുടെ ഉദ്യോഗധർമ്മത്തിനു ഉപയോ ഗത്തിൽ കവിയാതെ ഒരു കാലാവധി നിശ്ചയിക്കാവുണ്ട്.

പ്രതിനിധികളും, അങ്ങളുടെ നിയോക്താക്കളുടെ അഭിമ തം അറിഞ്ഞെ നടക്കേണ്ടവരാണെങ്കിലും, അവർ കേവലകാ ര്യസ്ഥന്മാരല്ല. അവരുടെ സ്ഥാനം ഭരണാധികാരത്തെന്നു അവരുടെ നിശ്ചമനത്തിനു മുമ്പുകാണാമായിരിക്കേണ്ടതു്. അതിനാൽ അപരിചിതന്മാരെ അവിഭാജ്യന്മാരായ നിയോക്താക്കൾ ക്കു ആ നിശ്ചമനത്തെ ഉടനടി അംഗീകരിപ്പാനിടയാകരുതു ക്കുന്നതു സമുദായക്ഷേമകരമല്ല. മേൽപ്പറഞ്ഞ കാലാവധി ക്കകം വാഗ്വാദത്തലും പ്രവൃത്തികളാലും പക്ഷമുണ്ടായും പല പ്പോഴും നിയോക്താക്കൾക്കു പ്രതിനിധികളെയും ശാസകന്മാ രെയും ശാസിക്കുന്നതും ഉപദേശിക്കുന്നതും അവസരമുള്ളതാകുന്നു. ഇതിലേക്കു അവർക്കു സാമ്പത്തികസ്വാതന്ത്ര്യവും ചേർന്നുകാ ണുന്നു. ഈ സ്വാതന്ത്ര്യവും അവർക്കു നിയമത്തെ നിശ്ചമിക്കുന്നതിൽ, അഥവാ നിയമത്തെ നിശ്ചമിക്കുന്നതിനു വേണ്ടുന്നതും യോഗ്യതയിലെ വ്യത്തവുമാണു് ഈ വാക്കു വളരെ ബഹുമായ പുറപ്പെടുവി

ക്കുന്നത്. അതുകൂടാതെ, മേൽപ്പറഞ്ഞ ക്രമത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ വിശിഷ്ടമായ സാമൂഹ്യകാര്യങ്ങളെപ്പറ്റി ചിന്തിച്ചുവരുകയെന്നതു തീരെ വാങ്മാത്രമായി സമ്മതിക്കുന്നതും ഒരു മുഖ്യ ബോധപ്പെടുത്തിട്ടുള്ളതും അതാണ്. ശാസകന്മാർ തിരഞ്ഞെടുക്കപ്പെട്ടവരുടെ നേരിൽ കാണിക്കുന്ന ആദരത്തിലുള്ളതെ, ഇവരുടെ സാമൂഹ്യപ്രയത്നങ്ങളിൽ കരുവുകാണുന്നില്ല. ബ്രിട്ടീഷ് ഇന്ത്യയിൽ എങ്ങിനെയിരിക്കുന്നുവോ വിദ്യാപ്രചാരത്തിൽ അഭിമാനിക്കുന്ന ദേശം അതുപോലെതന്നെ ഈ മഹത്തിൽ വിദ്യാഭിവൃദ്ധിക്കുന്ന ദേശം അതുപോലെതന്നെ പാടില്ലെന്നതു കണക്കുകളാൽ ബോധപ്പെടുത്തുന്നതാണ്. ഉല്പാദനത്തിനു കഠിനപ്രയത്നം നടത്തുന്ന ഒരു സ്വതന്ത്രജനസമൂഹത്തിന്റെ നിലവാരത്തെപ്പറ്റി വിവരിച്ചുതീർത്തു. നാം അറിഞ്ഞിരിക്കേണ്ടതിനെ ഏറ്റവും ഭൗതികമായിട്ടുള്ള നിലയിലാണ് ഇതുവരെ ഞങ്ങൾ നിന്നുപോന്നത്. ഒരാൾ ഒരുനേരമെങ്കിലും മുതൽ കുറച്ചുകാലമെങ്കിലും ഒരു കണക്കുപറയാൻ തുടങ്ങിയാൽ അവസാനം ജനപ്രതിനിധികാര്യം അവസാനിച്ചിട്ടില്ല. രാജ്യഭരണവിഷയങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾക്കുവേണ്ടിയാണ് ഇതുവരെയും വിസ്തരിച്ചിട്ടുള്ളത്. ഈ കാര്യങ്ങളുടെ കഴിഞ്ഞ 50 വർഷങ്ങൾക്കിടയിൽ ബ്രൈസ്സിൽ സഭയിലിരിക്കുന്നതിനോടുകൂടി പ്രജകളുടെ ആരോഗ്യങ്ങളിലും ജീവനോപായസ്ഥിതിയിലും വർദ്ധനയും ചിന്തസംസ്കൃതപ്രചാരവും സാമ്രാജ്യത്തിലും, സഹകരണത്തിലും, അതുരക്ഷിതത്തിലും പരിശീലനവും ഈ രാജ്യത്തിൽ നാം കാണുകയും ഏറിവരുകയും ചെയ്തിരിക്കുന്നു. ഞാൻമുമ്പു പ്രസ്താവിച്ചതുപോലെ സ്വതന്ത്രസ്വഭിജ്ഞാനങ്ങൾ മാത്രമേ നമുക്ക് കാണാനിടയായിട്ടുള്ളൂ. അതുകൊണ്ടു വളരെ വ്യക്തിയെ പ്രാപിക്കുന്നതിനും നാം അനേകമിനി കേട്ടേണ്ട വൃത്തി എന്തെന്നു ഇനി നാലാമതായ് പ്രസ്താവിച്ചുകൊള്ളുന്നു.

അതു, വിശാലബുദ്ധിത്വവും മിതശീലവും എന്നു രണ്ടു വാക്കിൽ ചുരുക്കിപ്പറയാവുന്നതാണ്. വസ്തുതന്മാത്രകളുടെ ഒഴിച്ചു, ഓരോരുത്തനും ന്യായാനുസൃതമായുള്ള അവകാശങ്ങളെക്കൊടുപ്പാനുതിന്നും, നിശ്ചലബുദ്ധിയോടെ ശ്രമിക്കുന്നതും, ന്യായം നടത്തുന്നതിൽ ചുമതലപ്പെട്ടിരിക്കുന്ന അധികാരികളെ യഥോചിതമായും വിനയങ്ങളോടുകൂടി, ആ ന്യായപ്രകാരമെഴുതുവാൻ സിദ്ധമായ സമാചാരങ്ങളും പലപ്രത്യനുഭവം വിശ്വലബുദ്ധിത്വത്തിൽ ഉൾപ്പെടുന്നു. സമുദായാഭിവൃദ്ധിക്കുവേണ്ടി സ്വാതന്ത്ര്യത്തെ ഉപേക്ഷിച്ചു വേണ്ടപോലെയുണ്ടാകുന്നതിനും, ന്യായം നടത്തുന്നതിനും

രാജ്യസ്നേഹത്തെ വിപ്രകാശിപ്പിക്കുന്നതിനുള്ള നിരന്തരശ്രമവും സ്വാഭിമാനവും ഇവരിൽ പ്രകാശിച്ച്, സ്വദേശ്യസ്വാതന്ത്ര്യത്തിനും ഉദ്ബോധകരായ് ഇവർ മാതൃകാപുരുഷന്മാരായ് തീർന്നിരിക്കുന്നു.

ഇങ്ങനെ മറ്റുള്ളവരുടെ ഉത്തേജനത്തിനു നമ്മുടെ നാട്ടിൽ അനേകംപേർ ഉണ്ടാകുന്നതിനും, എന്റെ ഈ ചുരുക്കമായ പ്രയത്നം ഈ ചരിത്രാന്വേഷണത്തിനു ഒരു പുഷ്പിടിമരുന്നായി പ്രയോജനപ്പെടുന്നതിനും ഉള്ള ആശംസയോടെ ഉപസംഹരിച്ചുകൊള്ളുന്നു.

മെസപ്പൊട്ടേമിയാ

ആധുനികകേരളീയർക്ക് പുസ്തകങ്ങളിലും ഭാഷണങ്ങളിലും നിന്നു ലഭിച്ചിട്ടുള്ള പരിചയം മാത്രമേ മെസപ്പൊട്ടേമിയരാജ്യത്തെ കുറിച്ചുള്ളൂ എങ്കിലും പുരാതനകേരളീയർക്ക് പല ബന്ധങ്ങളും ഈ രാജ്യവാസികളോടുണ്ടായിരുന്നു എന്നുള്ളതിലേക്ക് അനേകം പരിശോധിക്കുന്നുണ്ട്. ദ്രാവിഡവണിക്കുകൾ മെസപ്പൊട്ടേമിയയിൽനിന്നു കൊണ്ടുവന്ന അക്ഷരമാലയിൽ നിന്നാണ് ഇൻഡ്യൻ ഭാഷകൾ മിക്കതിലെയും അക്ഷരമാലകളും ഉത്ഭവിച്ചിട്ടുള്ളതെന്നാണ് പ്രാമാണികന്മാരായ പല ചരിത്രകാരന്മാരും സിദ്ധാന്തിക്കുന്നത്. ഇൻഡ്യയുടെ പല്ലവിനീതത്തെ സംബന്ധിച്ചുള്ള പുരാതനചരിത്രങ്ങളെ കുറിച്ചു സൂക്ഷ്മമായി അന്വേഷണം നടത്തിയാൽ കേരളീയപൂർവ്വന്മാക്കളുടെ തറവാട്ടേതെന്നുള്ളത് മെസപ്പൊട്ടേമിയയിലാണെന്നു വെളിപ്പെടുമെന്നു തോന്നുന്നു. ഈ വിഷയം ഇനിയൊരവസരത്തിൽ വേറെ മൊഴി വെച്ചുകൊണ്ട് ഇപ്പോൾ പരിഷ്കൃതലോകത്തിന്റെ സാവിശേഷമായ ശ്രദ്ധയുള്ള വിഷയീഭവിച്ചിരിക്കുന്ന ഈ രാജ്യത്തെക്കുറിച്ചു ചില വിവരങ്ങൾ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഇപ്പോഴത്തെ ഭൂമിശാസ്ത്രം അനുശീലിച്ചു കാലത്തുക്കിസാസ്ത്രജ്ഞന്മാർ ഉറപ്പെടുത്തിയ മെസപ്പൊട്ടേമിയാ ഇപ്പോൾ ഇറ്റിഷ്യസാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്ന ഇൻഡ്യാഗവർമ്മെന്റിന്റെ ഭരണത്തിൻകീഴിലായിരിക്കയാണല്ലൊ. കേരളീയരായ അനേകർപേർ ഇൻഡ്യൻസൈന്യത്തിൽ ചേർന്നു പല ഓരോ ജോലികൾക്കുമായി ഇപ്പോൾ മെസപ്പൊട്ടേമിയയിൽ പാർത്തുവരുന്നുണ്ട്. "തിഗ്രിതാംക്ഷരിവെ വിജ്ഞാപ്യദ്യാഗസ്ഥന്മാരിൽ സമ്മതമുള്ളവർക്ക് മെസപ്പൊട്ടേമിയയിൽ പൊട്ടെ ജോലിയിൽ ഏർപ്പെടാമെന്നും, ഇവിടെയുള്ള ശമ്പളത്തിൽ ഇരട്ടി അവിടെ കിട്ടുന്നതാണെന്നും ആ രാജ്യത്തേക്ക് സഞ്ചരിയരിയവുന്ന ക്ലാർക്മാരെയും ആവശ്യമുണ്ടെന്നും തപ്പാളുകൾ ചൂണ്ടികളിലേക്ക് അറിയുകൊടുത്തിരിക്കുന്നു." എന്ന കാർന്നന്മാരുടെ മെസപ്പൊട്ടേമിയയെ കുറിച്ചുള്ള ഈ വിവരണം ശ്രീവാഴ്ചക്കാരുടെ പ്രത്യേക രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ദ്രാവിഡത്തിന്റെ ഉത്കൃഷ്ടപരിതൃത്തിൽ മെസപ്പൊട്ടേമിയയുടെ സ്ഥാനം പ്രാധാന്യം ഒഴിവാക്കുന്നതിനു അതിനു ചരിത്രപ്രാധാന്യമുണ്ട്. ചില പുരാണികന്മാർ അഭിപ്രായപ്പെടുന്നത്, മെസപ്പൊട്ടേമിയക്കാർ അവരുടെ സംസ്കൃതത്തിന്റെ ഉത്ഭവം ദ്രാവിഡന്മാരുടെ ഭാഷയിൽനിന്നാണെന്നാണ്. ഇതിനു ഉപോൽബലകമായ് ചില തെളിവുകൾ കാണുന്നുണ്ട്. ഉദാഹരണമായ് പറയുകയാണെങ്കിൽ, മെസപ്പൊട്ടേമിയക്കാർ അവരുടെ ദൈവത്തെ ഇൻഡ്രാ എന്നു വിളിക്കുന്നു. ഇൻഡ്രാ എന്നുള്ളത് ഇന്ദ്രൻ എന്നുള്ളതിന്റെ ഒരു രൂപഭേദമാണെന്നു പറയുന്നതിൽ അനൗചിത്യമുണ്ടാകുന്നതല്ല. ഇന്ദ്രൻ എന്നുള്ളത് ഒരു ദേവന്റെ പേരാണെന്നു പുരാണങ്ങളിൽ പ്രസിദ്ധമാണല്ലൊ. ഇന്ദ്രൻ എന്നുള്ളതിനു ഇന്ദ്രിയങ്ങളുടെ അധിപൻ എന്നാണ് അർത്ഥം. ഇന്ദ്രിയങ്ങൾ എന്നുള്ളതിനു ഇന്ദ്രന്റെ ചിഹ്നങ്ങൾ എന്നും അർത്ഥമുണ്ട്. ഇന്ദ്രിയങ്ങൾ അഞ്ചാണല്ലൊ. ഇന്ദ്രൻ എന്നുള്ളതിനു ഇന്ദ്രിയങ്ങളുടെ അധിപൻ എന്നുള്ള അർത്ഥത്തിനു പുറമെ ഇന്ദ്രൻ എന്നുള്ളതിനു ഇന്ദ്രിയങ്ങൾ എന്നുള്ള അർത്ഥവും ഉണ്ടെന്നു പറയുന്നതിൽ അനൗചിത്യമുണ്ടാകുന്നതല്ല. ഇന്ദ്രിയങ്ങൾ അഞ്ചാണല്ലൊ.

അപ്പു സംവത്സരക്കാലംകൂടി വേണ്ടിവരും. ലോകത്തുള്ള മുപ്പതുകോടി മുഹമ്മദീയരാൽ പുണ്യഭൂമിയായ് ഗണിക്കപ്പെട്ടിരിക്കുന്ന ബാബുഭത്തിൽ അനേകം പുണ്യസ്ഥലങ്ങളും അവക്കിപ്പോഴുണ്ട്.

ബാബുഭം പുരാതനമഹാശക്തികളുടെ ബലപരീക്ഷയുടെ രംഗങ്ങളായിത്തന്നിട്ടുണ്ട്. അവിടത്തെ പടക്കളങ്ങളിൽ പടപൊരുതിയിട്ടുള്ള മഹാസൈന്യനിരകളിൽ അത്ഭുതസമാനായി ത്തന്ന ക്ലൈർക്ലസ് (Kerres) ഇൻഡ്യ, അർമീനിയ, ലൈഷ്യ, മെസപ്പൊട്ടേമിയ ഈ രാജ്യങ്ങളിൽനിന്നെ സംഭരിച്ച അമ്പയുലക്ഷം സൈന്യങ്ങളെ നയിച്ചിരുന്നതായി കാണുന്നുണ്ട്. ചെർഷ്യാ റോമാ സാമ്രാജ്യങ്ങം തമ്മിൽ നാലു യുദ്ധാരാളകാലം ജയ്സ്പ്പൊട്ടേമിയയിൽ മേൽക്കോയ്മ ലഭിക്കാൻ മത്സരിച്ചുകൊണ്ടിരുന്നു.

പൊസ്സെ പുരുഷന്മാരിൽ ജീവചൈതന്യം കാണാനൊരു അത്ഭുത കൊത്തിവിഴിക്കാൻ പാകമായ ശരീരമായിത്തീർന്നിരിക്കുന്നു എന്ന നോക്കി നിശ്ചയിക്കാൻ ജർമ്മൻകുഴക് ഉരു നിർദ്ദിഷ്ടലക്ഷണത്തിനും ഒരു ഉചിതസ്ഥാനമായി തിരഞ്ഞെടുത്തിരിക്കുന്നതു ഏഷ്യാമൈനോറിലെ ആലപ്പൊത്തുറഹ്മാനല്ലാ. അവിടെ ഒരുകാലത്തു ഇംഗ്ലാണ്ടിനെ പെരുതസ്സൃഷ്ടങ്ങളുമായുണ്ടായിത്തന്ന വാണിജ്യത്തിന്റെ കേന്ദ്രസ്ഥാനവും, ഭരതമഹാശ്രീയെ അതിലുള്ള മുപ്പതുകോടി ജനങ്ങളോടുകൂടി മുപ്പതിനായിരം പവൻ വിലയുള്ള ഒരു തമുക്കിയും ലേലവുംകൊണ്ടു കരസ്ഥമാക്കിയ ഈസ്റ്റിന്ത്യാകമ്പിനിയാരുടെ മുഖ്യാധിനന്മാരിൽ ലിവർപൂക്കയിനിശ്ശരുടെ തലസ്ഥാനവും ആയിരുന്നു. ആ സ്ത്രീക്കയെ ചൂരി കൂപ്പലോടിച്ചു ഇൻഡ്യായിലത്താൻ മാത്രം മുക്കിയുന്ന കുങ്കുരിത്തുമായുടുക്കുകൂടി ആലപ്പുഴയിൻറെ പ്രാധാന്യം കുറയുകയും ഇംഗ്ലീഷുവണിക്കുകാരെ അവിടെനിന്നു പിൻവാങ്ങുകയുംചെയ്തു. തുക്കികൾ പശ്ചിമേഷ്യയുടെ നാഥന്മാരായി കൺസ്റ്റാന്റിനോപ്പിൾപിടിച്ചടക്കിയതോടുകൂടി മഹാചീനരെ മുതൽ മധ്യധരണ്യാഴിവരെ നീണ്ടിരുന്ന പ്രാചീന സാമ്രാജ്യവാണിജ്യത്തിന്റെ കവാടം നിരോധിക്കപ്പെട്ടു. തുർക്കിടമന്മാരുടെ താഡനമേറ്റു മെസപ്പൊട്ടേമിയയുടെ രാജ്യലക്ഷ്മി തിരോധാനംചെയ്തു. തുർക്കിശാമ്രാജ്യനിറവിൽ നിയുക്തന്മാരായ രക്ഷാപ്രദേശന്മാരായ കിങ്കരന്മാരായ ജനങ്ങളെ നാം പ്രേക്ഷകരായേ ഉപദ്രവിച്ചു നിർത്തിയെയും കൈക്കുലിയായും അവരുടെ ദ്രവ്യങ്ങളെയൊക്കെ കൈമുഴുതിട്ടുണ്ടു. ഒരു ഗ്രാമത്തിലെ ആകെയുള്ള വിളവിൽ പത്തിലൊന്നോളം ജനങ്ങൾ രാജ്യഭോഗമായി കൊടുക്കേണ്ടിയിരുന്നതു. ഷഷ്ഠാംശം രാജ്യഭോഗമായി വസൂലാക്കിയിരുന്ന ഹിന്ദുരാജാക്കന്മാരെക്കാൾ തുർക്കികം ദയാലുക്കളായിരുന്നു എന്നു തോന്നിപ്പോകും. എന്നാൽ ഈ നികുതി വസൂലാക്കിവന്ന രീതിയും, അതിനെ പറ്റിയുള്ള ഉദ്യോഗസ്ഥന്മാരുടെ അക്രമവുംകൊണ്ടു പത്തിലൊന്നു രാജഭോഗമെന്നുള്ള വ്യവസ്ഥ പത്തിലധികം ജനഭോഗങ്ങളെയും അവസ്ഥിയിൽ വരത്തിക്കുടി. ജനങ്ങളും കഷ്ടത സഹിക്കാൻ നിശ്ചഹമില്ലാത്തതുള്ള ടിക്കിടെത്തിയപ്പോഴും കൃഷ്ടകൃഷ്ടമായി കടിപൂപ്പെട്ട പോയിരുന്നു. കൃഷിയുടെ സൗകര്യത്തിനായി ചെയ്യപ്പെട്ടിരുന്ന മരാമത്തുപണികളൊക്കെ നശിച്ചു. ഇങ്ങനെ നാടു മുഴുവൻ ശ്മശാനമായിത്തീർന്നു.

ഏതുനാരം സംവത്സരക്കാലത്തെ ശ്രമംകൊണ്ടു മെസപ്പൊട്ടേമിയയുടെ നഷ്ടപ്പെട്ടുപോയ ഐശ്വര്യത്തെ പുനർജ്ജീവിപ്പിച്ചിടാവൊൻ കഴിയുന്നതാണ്. നവിനരീതിയിലുള്ള കൃഷിരീതമുതലായികം ആരംഭിച്ചിട്ടുണ്ടു്. ഇക്കാലത്തെ മരാമത്തു ഏപ്പാടുകളെക്കൊണ്ടു ഇപ്പോഴത്തെ ഫലത്തുമായിക്കിടക്കുന്ന മൈതാനങ്ങളികളെ ലോകത്തുള്ളതിലേക്കും ഏറ്റവുംഫലപുഷ്ടിയുള്ളതുകളിയ കോതമ്പുവിളഭൂമികളാക്കിത്തിരുവുന്നതാണ്. പടത്തിക്കുഷിക്ക അത്യന്തം അനുകൂലങ്ങളായിരുന്ന പ്രദേശങ്ങളാം ഉണ്ടു്. ഇന്നത്തെപ്പഴു, മുപ്പതുനാരാം ഇവിധങ്ങളുമായി കൃഷിചെയ്യുന്നുണ്ടാക്കാൻ കഴിയും. "ഒരാളോരാ" എന്ന പറയുന്നതരം കോലാടുകളുടെ രോമം ഏറ്റവും വിലയേറിയ ഒരുതരം പട്ടുനൂലാക്കുവാൻ ഉപയോഗപ്പെടുന്നതാണ്. ഇത്തരം തുടുകളെയും കന്നികളെയും വളത്തോടുകൂടി ഇപ്പോഴത്തെ സൈനികസ്ഥമുള്ള ത്രിമിരാംശത്തെ ഇപ്പൊഴത്തെന്നെ പരാമർശിക്കുന്നതാണു്.

മണ്ണെന്നുള്ള ഒഴുകിക്കൊണ്ടിരിക്കുന്ന ദ്രവ്യങ്ങളിലാകം ഗുഡിയുടെ ധാരാളമുണ്ടു്. അങ്ങുമിങ്ങും അവ ഊറകൂടുകംപോലെ കിടക്കുകയാണെങ്കിലോ ഒഴുകിക്കൊണ്ടുമിരിക്കുന്നു. മണ്ണെന്നുള്ളതു ഇപ്പോൾ ഉണ്ടായിരിക്കുന്ന നാനാമൂലകങ്ങളുടെ ആവശ്യങ്ങളുടെ സമ്മേളനം അല്ലോചിച്ചാൽ മണ്ണെന്നുള്ളതുതന്നെ വ്യവസായം ഭാവിയിൽ മെസപ്പൊട്ടേമിയയിലെ ഉണ്ടാക്കിത്തീർക്കാവുന്ന ഐശ്വര്യത്തിന്റെ കണക്കില്ല.

പ്രതിവർഷം ഒരു ലക്ഷത്തിനാലിൽ മുഹമ്മദീയപുണ്യയാത്രക്കാർ പെർഷ്യയിലും ഇൻഡ്യയിലുംനിന്നു കർബലാ നെ ജിഫ് മുതലായ വിശുദ്ധസ്ഥലങ്ങളെ സന്ദർശിച്ചു മടങ്ങിപ്പോകുന്നുണ്ടു്.

ഇവിടെയുള്ള വ്യാപാരാഭിവൃദ്ധിക്കായി ഇംഗ്ലീഷുകാരെ അതിരില്ലക്കാരും കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലത്തിനിടയിൽ പ്രവൃത്തികളും പെയ്തുവന്നു. മണ്ണെന്നുള്ളയെ സംസ്കൃതിച്ചെടുക്കാനായി ബാസ്രായിൽ ഉണ്ടാക്കിയിരിക്കുന്ന യന്ത്രശാലയും കെട്ടിടങ്ങളും രണ്ടു ചതുരശ്രമൈൽ സ്ഥലം മുഴുവൻ വ്യാപിച്ചിരിക്കുന്നു. ഈ ശാലയിൽ ഏഴായിരം ജനങ്ങളാം വേലചെയ്യുവാനുണ്ടു്.

ഇവിടുത്തെ സൈന്യങ്ങളും മെസപ്പൊട്ടേമിയയുടെ ഏതു നാനം ഭാഗങ്ങളും കയ്യടക്കിയിട്ടു ഇപ്പോം രണ്ടാണ്ടായിട്ടുണ്ടു്. ഈ രണ്ടാണ്ടുകൊണ്ടുകൊണ്ടു നമുക്കു സ്വാധീനപ്പെട്ട പ്രദേശങ്ങളെ സംരക്ഷിക്കുവാൻ ബ്രിട്ടീഷ് ഗവണ്മെൻറിനെ കഴിഞ്ഞിട്ടുണ്ടു്. ബാസ്രായിലെ ജനസംഖ്യ അതുള്ളതുകരമായി വർദ്ധിച്ചിരിക്കുന്നു. ഷാറൽഅറബിയിൽ തീരത്തിൽ വിശേഷപ്പെട്ട വർഷകം (കപ്പലുകൾക്കു അടുപ്പുള്ള ചരക്കിനുള്ള കടവുകം) ധാരാളമായി കെട്ടിയുയർത്തിയിരിക്കുന്നു. ഇതുനമായി ഉണ്ടാക്കിച്ചിട്ടുള്ള റോഡുകൾകൊണ്ടു കണക്കില്ല. വിദ്യുച്ഛക്തിവെളിച്ചം സർവ്വത്ര സുലഭമായിരിക്കുന്നു. ഇലക്ട്രിസിറ്റിയോ സർവ്വ നടപ്പുകാരിലിരിക്കുന്നു. ബോംബെ ഡാഡ് നഗരത്തിന്റെ സ്ഥിതിയുണ്ടായാൽ ഒരു ഇന്ദ്രജാലപ്രയോഗത്താൽ എന്നപോലെ മരിക്കിരിഞ്ഞിരിക്കുന്നു. നദിതീരത്തുള്ള മരാമത്തു പണികളൊക്കെയും അപകടമില്ലാതെ നടക്കിത്തീർത്തിരിക്കുന്നു. കപ്പലുകൾക്കു സഞ്ചരിക്കുവാൻ കഴിവില്ലാത്തവിധം തുർക്കികം ദ്രവ്യംവിധമാക്കിയിട്ടിരുന്ന യൂഫ്രട്ടീസ് നദിതളിൽക്കൂടി കപ്പലുകൾ ഇപ്പോൾ ഉത്സാഹത്തോടെ നീന്തിക്കളിച്ചുകൊണ്ടിരിക്കുന്നു. ടൈഗ്രീസിനു വടക്കേയ്ക്കുള്ള രണ്ടു ആവിവണ്ടിപ്പാതകൾപൂർത്തിയായിക്കുന്നു. കൃഷിയുടെ സൗ

കയ്ത്തിനായി ഇങ്ങപോയ മൈൽ നീളമുള്ള ഒരു സേതുബന്ധനം നടന്നിരിക്കുന്നു. ഈ അണക്കെട്ടിന്റെ നാലുഭാഗത്തു ചതുരശ്ര മൈൽ സ്ഥലം ഇപ്പോൾ ഗോകുത്തുള്ളതിലേക്കും ഏറ്റവും ഫലപുഷ്ടിയുള്ള കോതമ്പുഭൂമിയിലേക്കും ആയിത്തീർന്നിരിക്കുന്നു. ഫലമൂലാദികളും സസ്യങ്ങളും അവിടെ സുലഭമായി കൃഷി ചെയ്യപ്പെടുവാനുണ്ട്. കോഴികളെയും കന്നുകാലികളെയും വളർത്തൽ അത്യന്തം ആദായകരമായ ഒരു വ്യവസായമായിത്തീർന്നിരിക്കുന്നു. ഈ വക കൃഷികളുടെയെല്ലാം ഇൻഡ്യയിൽനിന്നു പോയിട്ടുള്ള കൃഷിക്കാർതന്നെ വിദഗ്ധോപദേശം മേൽനോട്ടത്തിൽ നടത്തിപ്പോരുന്നു. അവരുടെ കൃഷിയിൽ കിട്ടുന്ന വിളവുകൾ മൈസൂപ്പാട്ടുമഹാരാജാവിന്റെ ഇംഗ്ലീഷു സൈന്യങ്ങളുടെ ചിലവിനു വേണ്ടതിലധികമായിത്തീരുകയാൽ ഇംഗ്ലണ്ടിലേക്കും അയച്ചുവരുന്നു.

മൈസൂപ്പാട്ടുമിയായ പാലസ്റ്റൈൻ ഇവയുംപെട്ട പശ്ചിമദേശോദാരണം ഏഷ്യാമൈനറോപ്പു ആഫ്രിക്ക ഈ മൂന്നു ഭൂഖണ്ഡങ്ങളെ തമ്മിലിച്ചു ചേരുന്ന ഒരു സ്ഥാനത്താകയാൽ പരിഷ്കൃതലോകത്തിന്റെ സവിശേഷമായ ശ്രദ്ധയും അതിപ്പോൾ വിശ്വസിച്ചിരിക്കുന്നു. ഇപ്പോഴത്തെ ദയനീയമായ ലോകത്തിനുണ്ടായിട്ടുള്ള മാറ്റങ്ങളിൽ അത്യന്തം സംതൃപ്തമായുള്ളതു മൈസൂപ്പാട്ടുമിയായ സംബന്ധിച്ചുണ്ടാകുവാനുള്ള മാറ്റമാകുന്നു. വരുന്ന ജൂതിനെ ഇരുത്തേണ്ടുള്ള അനുകൂലമായ ഒരു ഭൂഭാഗം വേറെയില്ലെന്നുള്ള വസ്തുത ഇംഗ്ലീഷുകാർ മനസ്സിലാക്കിക്കഴിച്ചിട്ടു കാലം ഏറെയായി. എന്നാൽ തൽപ്രയത്നമായി യാതൊരു പ്രവർത്തിക്കുവാൻ അവർക്ക് ഈ യുദ്ധോപദ്രവത്തെ സാധിച്ചിരുന്നില്ല. ടർക്കിഗവർമ്മെന്റിനെ പ്രേരിപ്പിച്ചു കൃഷി വ്യവസായങ്ങൾക്ക് നടത്തുന്നതിനു ഇംഗ്ലീഷുകാർ ഉത്സാഹിക്കുന്നതിനുപ്രേരിപ്പിക്കുവാൻ ജൂമ്മൻകാരുടെ തന്ത്രങ്ങളിൽപ്പെട്ട ഇക്കിടയാണു വഴിപ്പെട്ടിട്ടില്ല. യുദ്ധാനന്തരം ജൂമ്മൻകാർ പാലസ്റ്റൈനിൽക്കൂടി ഇഷ്ടപ്പെട്ടതിന്റെ പ്രാന്തത്തോളം എത്തുന്ന ഒരു ആവിപരണിപ്പാത ഏർപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷുകാർ പിന്നീടായി മത്സരിച്ചിൽ ക്രിമറോന്മ പാത പല പ്രദേശങ്ങളും തീർത്തിട്ടുണ്ട്.. ആഫ്രിക്കയുടെ തെക്കേ അറ്റത്തുള്ള ഗ്രീഡ്‌ഹോപ്പ് മുതൽ വടക്കു ഈറാനുള്ള കെയിറോ വരെയുള്ള നിർമ്മാണവേല നിർവ്വഹിച്ചിട്ടുള്ള പാതയുടെ പണി പൂർത്തിയാക്കായിരിക്കുന്നതിനുമുൻപായി പുതിയ പാതയുടെ അവിടെ നിന്നു സിനായിവഴി അലപ്പോവരെ എത്തിച്ചേരേണ്ടതായിരുന്നു. ഇങ്ങനെയുള്ള ഗതാഗതസൗകര്യം ലോകപരിവർത്തനത്തിൽ അത്യന്തകരമായ മാറ്റത്തെ ഉണ്ടാക്കുമെന്നുള്ളതിനു സംശയമില്ല. ചീനത്തുനിന്നുള്ള പുതിയ സമ്പാദകമാർഗ്ഗം മിക്കയും അവിടേക്കു തിരിച്ചുകൂടുവിടുന്നതാണ്. ലണ്ടനിൽ നിന്നു ഇൻഡ്യയിലേക്കു നേരേ റെയിൽമാർഗ്ഗം ഗതാഗതം ചെയ്യുന്നതുള്ള സൌകര്യം പൂർണ്ണമാകുന്നതിനു ഇനി വളരെ കാലതാമസം വേണ്ടിവരുന്നതുമില്ല. ലണ്ടനിൽ നിന്നു ഇൻഡ്യയിലേക്കു പാരിസ്സിൽ നിന്നും പീക്കിങ്ങിലേക്കും പെടോഗ്രാഡിൽ നിന്നു ഉറഡ്‌മോപ്പിലേക്കും ഉള്ള റെയിൽപാതകളുടെയും എത്തിച്ചേരുന്നതുള്ള അലപ്പോവിലാകയാൽ ആ നഗരത്തിന്റെ ഭാവിഭാഗ്യം അത്യന്തം വിസ്മയകരമായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. ഇംഗ്ലണ്ടും ഇൻഡ്യയും തമ്മിൽ ഭാവിയിൽ നടപ്പാകാവുന്ന നിരന്തരസമ്പർക്കവും അലപ്പോവിൽ ക്രിയാശീലർക്കുണ്ടാകുന്ന മഹാഭോഗവും ഉൽപാദിക്കാവുന്നതാണ്. ഈ പുതിയ മാർഗ്ഗങ്ങളെല്ലാം പൂർണ്ണമായിക്കഴിഞ്ഞാൽ ലണ്ടനിൽ നിന്ന ഇൻഡ്യയിലത്താൻ ഏഴരദിവസം മതിയാവുന്നതാണ്. എന്നാൽ യാത്രക്കാരെയും മെയിലും മൂന്നുദിവസംകൊണ്ടു വിമാനമാർഗ്ഗം ലണ്ടനിൽനിന്നു ഇൻഡ്യയിൽ എത്തിക്കുന്നതിനു ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞിരിക്കുന്നു. ഈ ഏർപ്പാടുകൾ എല്ലാംതന്നെ പൂർത്തിയാകുന്നതിനു ഏതാണ്ടു രണ്ടുകൊല്ലം കൂടി വേണ്ടിവരുമെന്നു കാണുന്നു. ഈ ഏർപ്പാടുകൾ പൂർത്തിയാകുന്നതിനു മുൻപായിത്തന്നെ ഇൻഡ്യയിലേക്കുള്ള ഗതാഗതം ഇപ്പോഴത്തെപ്പോലെ ഏതാണ്ടു മുക്കാൽഭാഗവും കപ്പൽമാർഗ്ഗമായിരിക്കുന്നതാണ്. ഇപ്പോൾ ഇൻഡ്യയിലേക്കു പോകുന്നതിനു ഏറ്റവും ചുരുങ്ങിയ സമയം ഒരുമാസമാണ്. ഈ സമയം ഇപ്പോൾ ഏതാണ്ടു പകുതിയായി കുറയുന്നതാണ്. ഇപ്പോൾ ഇൻഡ്യയിലേക്കു പോകുന്നതിനു ഏറ്റവും ചിലവുള്ള മാർഗ്ഗം കപ്പൽമാർഗ്ഗമാണ്. ഈ മാർഗ്ഗത്തിനു ചിലവു

ഇപ്പോഴും നടത്തിവരുന്നുണ്ടെങ്കിലും തിരുവിതാംകൂറിൽ തികച്ചുമില്ലാതെയെന്ന ശബ്ദമേ കേൾപ്പാനില്ല. ഇതു സന്തോഷിക്കത്തക്ക ഒരു സംഗതിതന്നെയെങ്കിലും ഈ സംഗതിയിൽ അല്പം ക്ഷമയോടുകൂടി ഒന്നാലോചിക്കാനുണ്ട്.

പ്രപഞ്ചസൃഷ്ടിയിലും ജനനത്തിലും നിയതിസുഖവും ദുഃഖവും, ഇണവും മോഷവും, പകലും രാത്രിയും, കന്നംകിടയും സത്യവുമസത്യവുമൊക്കെ സമചിത്തമാണല്ലോയെന്നു ജോതികളുക്കി വെച്ചിരിക്കയാണെ ചെയ്യുന്നതെന്നതെ തത്വവേദികാരം സിദ്ധാന്തിക്കുന്നത്. പൂർവ്വജന്മങ്ങളിലെ കർമ്മവാസനകളം മനഷ്യരെ വിട്ടുപിരിയുന്നതല്ലെന്നും അവ അഭ്യാസവും പരിതഃസ്ഥിതികളുംകൊണ്ട് പുതുതായി മറച്ചുവെക്കാൻ മനഷ്യൻ സമർത്ഥനായ്ത്തീർന്നാലും സൂക്ഷ്മദൃക്കുകൾകൊണ്ടുനോക്കിയാൽ ചില അപൂർവ്വർക്ഷമാർഗ്ഗങ്ങളിൽക്കൂടി അവ വാസനകളെ അവൻ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നതായി ചെയ്യുമെന്നും വേദാന്തികരം വെളിപ്പെടുത്തീട്ടുണ്ട്. ഈ വക സിദ്ധാന്തങ്ങളെ സ്വാതന്ത്ര്യലോലുപന്മാരെയും തീവെട്ടിക്കൊള്ളക്കാരെയും പൂർവ്വജന്മകൃതകർമ്മവാസനകളോടുകൂടിയ അധമന്മാരാക്കിയും നൂതനഭൂവിജ്ഞാനങ്ങളെ അനേഷിച്ചുപോയി ജന്മമെടുത്തിരിക്കുന്നോ അതുപോലെ ഇക്കാലത്തും നമ്മുടെ ഇടയിലും ശരീരധാരണംചെയ്തു ജീവിക്കുന്നോ എന്നു അനേഷിക്കേണ്ടതു അത്രമാത്രമാവശ്യമില്ല. അറിയുന്നവരുടെ ജോലിയാണ്, എന്നാൽ കേവലമൊരു കിമ്പന്മാരായ നമുക്കും ചില യുക്തികളും ന്യായങ്ങളുംകൊണ്ട് അധമന്മാരെയുള്ള അധമന്മാക്കാരം നമ്മുടെ ഇടയിൽ ഉണ്ടോഎന്നു അനേഷിച്ചാൽ അറിയാൻ കഴിയുന്നതാണ്.

• തനിക്കെടുക്കാൻ അർഹതയില്ലാത്ത ഒരു വസ്തുവിനെ, ആ വസ്തുവിന്റെ ഉടമസ്ഥനായിരിക്കുന്നേ ആളിന്റെ അറിവും സമ്മതവും ക്രടാതെയും തനിക്ക അന്യായമായ ലാഭവരുത്തണമെന്നുള്ള മോഹവിചാരത്തോടുകൂടിയും എടുക്കമ്പോഴാണല്ലോ ഒരുവൻ മോഷണം നടത്തി എന്നു നാം പറയുന്നത്. ശിക്ഷാനിയമഗ്രന്ഥങ്ങൾ നിർവചനം ഇങ്ങനെ തന്നെയാണ് എന്നു നിശ്ചയം പോരാ. ഉടമസ്ഥന്റെ സമ്മതം ക്രടാതെയും ബലമല്ലാതെയും എടുക്കുമ്പോഴും അതിനു കവർച്ച് എന്നു പറയുന്നു. അങ്ങനെ കവർച്ച് ചെയ്യുന്നവരുടെ സംഖ്യ അധമോ അങ്ങിലധികമോ ആയാൽ അതിനു ക്രട്ടാക്കൂകവർച്ച് എന്നു പേരാകുന്നു. അതിനെത്തന്നെയാണ് സാധാരണ ഭാഷയിൽ തീവെട്ടിക്കൊള്ളയെന്നു പറയുന്നതു്.

ഒരു ഗ്രന്ഥകാരനെ ഗ്രന്ഥമെഴുതാൻ ദൈവനിയതിയുണ്ടെങ്കിൽ അതു ഗ്രന്ഥം വിറ്റു കിട്ടുന്ന ലാഭമെടുക്കാൻ അയാൾക്കു അർഹതയുണ്ട്. ഈ ലാഭമെന്നതു് അന്യന്റെ കൈവശം ഇരുന്ന പണമാണ്. അതിനെ ആയാളുടെ അറിവോടും സമ്മതത്തോടും ക്രടിയാണ്. • ഗ്രന്ഥകർത്താവെടുത്തതു്. അതു മോഷണമല്ല. 'ദൈവനിയതിയുള്ളതു കൊണ്ടു ഗ്രന്ഥകാരൻ ഒരു ഗ്രന്ഥം നിർമ്മിച്ചു. അതു വിറ്റു ഗ്രന്ഥകർത്താവു ലാഭമെടുത്തു. ഈ ലാഭം അന്യന്റെ കൈവശത്തിൽനിന്നു കൈശലത്തിൽ കരസ്ഥമാക്കിയതാണ്'. കൈശലപ്രയോഗം അതിൽ ഉണ്ടെങ്കിലും അന്യൻ അറിവോടും സമ്മതത്തോടും ക്രടിയാണ് ആ ലാഭം ഗ്രന്ഥകർത്താവിനെ കൊടുത്തത്. അതുകൊണ്ടു ഗ്രന്ഥകർത്താവിന്റെ പ്രവൃത്തിയെ മേൽപറഞ്ഞ മോഷണലക്ഷണമില്ല. ഗ്രന്ഥത്തിന്റെ ശ്രേയസ്സു നോക്കി വാങ്ങിക്കൊള്ളേണ്ടതു വാങ്ങിയ ആളിന്റെ ജോലിയായിത്തന്നെ. എന്നാൽ വാങ്ങിയ ആളിനു കൈശലപ്രയോഗത്തിൽ സമ്മതംകൊടുത്തിരുന്നതുകൊണ്ടു ആ സമ്മതം സമ്മതമാവുകയില്ല. അതുകൊണ്ടു ഗ്രന്ഥമെഴുത്തിനു ശ്രേയസ്സുണ്ടായിട്ടുള്ളതുവൻ ഗ്രന്ഥമെഴുതി വിറ്റു ലാഭമെടുക്കണമെന്ന്, ഈശ്വരനെയുള്ള മോഷ്യാക്കാരം നമ്മുടെനോട്ടിലുള്ളപ്പോരം ധാരാളം രജിച്ചിട്ടുണ്ട്. ജന്മാന്തരത്തിൽ അപചരിഷ്കൃതനായിത്തന്നെ മോഷകൻ ഈ ജന്മത്തിൽ വിദ്വാനാരം വേഷം കെട്ടി പരിഷ്കൃതമോഷകനായി തീന്നിരിക്കുന്നു. എന്നത്രയും ഭേദം. ഇതു ലാഭവും മാനവുമുള്ളതെന്നു ലോകം സമ്മതിച്ചിരിക്കുന്നു എന്നാരാവും ചൊല്ലുന്നതാരം മോഷണമാകുന്നു, രോഗികാവശ്യക്കാരുടെ കൈയ്യിൽ അവർ ഏൽപ്പിച്ച മരുന്നു പരിച്ചുപോകാം. ഈ മോഷ്യാക്കാരം 'നല്ലമിക്കള്ള' ന്മാരാകുന്നു. അവരെ നമുക്കു അധികം ഭയപ്പെടുവാനില്ല.

